കർ മുമ്പോട്ട് വന്നാൽ സർക്കാർ എന്തൊക്കെ സഹായസഹകരണങ്ങൾ നൽകുമെന്നും വിശദമാക്കുമോ?

ഉത്തരം

(എ) ഇൻഫർമേഷൻ ടെക്നോളജി വികസന മേഖലയിൽ ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് നൽകുന്ന എല്ലാ ആനുകൂല്യങ്ങളും നൽകുന്നതാണ്. കൂടാതെ മൂലധന നിക്ഷേപ സബ്സിഡിയുടെ കാര്യത്തിൽ 20% പരമാവധി 25 ലക്ഷം രൂപ വരെ സബ്സിഡി നൽകുന്നതാണ്. കാപ്റ്റീവ് പവർ ജനറേറ്റർ സ്ഥാപിക്കുന്നപക്ഷം അതിന്റെ 50% പരമാവധി 10 ലക്ഷം രൂപ വരെ സബ്സിഡി നൽകുന്നു. വയനാട് ഇടുക്കി ജില്ലകളിൽ പ്രത്യേക പ്രോൽസാഹനം എന്ന നിലയിൽ ധനസഹായം നൽകാൻ സ്ഥിര നിക്ഷേപ മൂലധനത്തിന്റെ 25% പരമാവധി 25 ലക്ഷം വരെ ഇൻവെസ്റ്റ്മെന്റ് സബ്സിഡി നൽകുന്നതാണെന്ന് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ആവശ്യമായ നടപടി താമസിയാതെ ഉണ്ടാകുന്നതാണ്.

(ബി)&(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

46 (2350) പട്ടികജാതി-പട്ടികവർഗ്ഗക്കാരെ പീഡിപ്പിച്ച കേസുകൾ

ശ്രീ. ജോർജ്. ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം പട്ടികജാതി-പട്ടികവർഗ്ഗക്കാരോട് ക്രൂരത കാണിക്കുന്നത് തടയുന്നത് സംബന്ധിച്ച നിയമം ലംഘിച്ചതിന് എത്ര കേസ്സുകൾ ഇതുവരെ എടുത്തിട്ടുണ്ട്;

(ബി) എന്തെല്ലാം വിധത്തിലുള്ള നടപടികളാണ് ഈ നിയമത്തിന്റെ പരിധിക്കുള്ളിൽ വരുന്നത്;

(സി) ഈ കാലഘട്ടത്തിൽ ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ കേസ്സൊന്നും എടുത്തിട്ടില്ലാത്തപക്ഷം അതിനുകാരണമെന്ത്?

ഉത്തരം

(എ) 2633 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഈ വിധത്തിലുള്ള കേസുകൾ ജില്ലാ സെഷൻസ് കോടതിയിലാണ് വിചാരണ ചെയ്യുന്നത്. ജാമ്യവും മറ്റും നൽകുന്നത് ജില്ലാ സെഷൻസ് കോടതിയും ഹൈക്കോടതിയുമാണ്. ഡിവൈ:എസ്.പി. റാങ്കിന് താഴെ അല്ലാത്ത ഉദ്യോഗസ്ഥൻമാരായിരിക്കണം ഇത്തരം കേസ്സുകൾ അന്വേഷിക്കുന്നത്. കൃത്യത്തിന് ഇരയായവർക്ക് സാമ്പത്തിക സഹായവും, ആശ്വാസവും, പുനരധിവാസവും മറ്റും ഈ നിയമത്തിന്റെ പരിധിയിൽവരുന്നു. എസ്. സി/എസ്.ടി(പിഎ) ആക്ട് 1989 നിയമത്തിന്റെ നിർവ്വചനത്തിൽ വരുന്ന എല്ലാ സംഗതികളും ലംഘിക്കുന്നത് ഈ നിയമത്തിന്റെ പരിധിയിൽ വരുന്നതാണ്.

(സി) ഉത്തരം 'എ'യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly